മതി വാങ്ങിച്ചു, ഉപയോഗിച്ചു. ഉപയോഗിച്ചശേഷം അവരെ കൃത്യമായിട്ട് അറിയിക്കുകയും ചെയ്തു.

മി. സ്പീക്കർ : റൂൾ 304 പ്രകാരമുള്ള സബ്മിഷൻ എടുക്കുന്നതിന് മുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇത്തവണ ആകെ 12 ദിവസക്കാലത്തെ സമ്മേളനമാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ഷോർട്ട് സെഷനാണ്. അതുതന്നെ ഇനി ചുരുങ്ങാനാണ് സാദ്ധ്യത. അതുകൊണ്ട് സബ്മിഷൻ ഒരംഗത്തിന് ഒന്നു പോലും ലഭിക്കാൻ സാദ്ധ്യത കുറവാണ്. അത് മനസ്സിൽവച്ചു കൊണ്ട് പ്രധാനപ്പെട്ട ഒരെണ്ണം എഴുതിത്തന്ന് ഇവിടെ ഉന്നയിക്കുന്നതായിരിക്കും ഏറ്റവും നല്ലതെന്നാണ് ചെയറിന് പറയാനുള്ളത്.

VI. സബ്മിഷൻ

(1) പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ പ്രൊമോഷനിലെ സംവരണത്തിനെതിരെയുള്ള സുപ്രീംകോടതി വിധി

ഡോ. എം.എ. കുട്ടപ്പൻ : സർ, കേരളത്തിലെയും ഇൻഡ്യാമഹാരാജ്യത്തിലെയും പട്ടികവിഭാഗ സമുദായങ്ങളെ ആശങ്കാകുലരാക്കിയിരിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയം മുഖ്യമന്ത്രിയുടെയും സഭയുടെയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. 1996-ൽ സുപ്രീംകോടതിയിൽ വളരെ പ്രധാനപ്പെട്ട രണ്ട് വിധികളുണ്ടായി. ആ വിധിയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതി പറയുന്നത് കേന്ദ്രഗവണ്മെന്റ് സർവ്വീസിൽ പട്ടികവിഭാഗക്കാർക്ക് നിലവിലുള്ള പ്രൊമോഷൻ സംവരണം പാടില്ലെന്നാണ്. ആ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവണ്മെന്റ് നിലവിലുണ്ടായിരുന്ന പ്രൊമോഷനിലെ സംവരണം പിൻവലിച്ചുകൊണ്ട് ഉത്തരവ് ഇറക്കിക്കഴിഞ്ഞിരിക്കുന്നു. R.K. Safarwall Vs. State of Punjab and J.C. Mallik Vs. Ministry of Railways, ഈ രണ്ട് കേസ്സുകളിലെ വിധികളിലാണ് പട്ടികവിഭാഗക്കാർക്ക് ദോഷമായ വിധിയുണ്ടായത്. പ്രൊമോഷനിലെ സംവരണം മാത്രമല്ല എടുത്തുകളഞ്ഞത്. രണ്ടാമതായി നിലവിലുണ്ടായിരുന്ന roster –ൽ ഉദ്യോഗ സംവരണക്രമത്തിൽ ആകെ മാറ്റം വരുത്തിയിരിക്കുന്നു. നിലവിലുണ്ടായിരുന്ന vacancy based roster system എടുത്തുകളഞ്ഞ് ആ സ്ഥാനത്ത് Post based roster ഏർപ്പെടുത്തിയിരിക്കുന്നു. ഈ മൂന്നുകൂട്ടം കാര്യങ്ങൾ സംബന്ധിച്ച് ഇപ്പോൾത്തന്നെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിനുപുറമെയാണ് എം.ഡി. എം.എസ്. എം.ടെക് പോലുള്ള സൂപ്പർ സ്പെഷ്യാലിറ്റികളിൽ സംവരണം പാടില്ലെന്ന് പറഞ്ഞ് സുപ്രീംകോടതി വിധിച്ചിരിക്കുന്നതും അതിനെ സംബന്ധിച്ച് അധികം താമസിക്കാതെ തന്നെ കേന്ദ്രഗവണ്മെന്റ് ഉത്തരവിറക്കുകയും ചെയ്യും. ഇങ്ങനെ വലിയൊരു കുഴപ്പം പട്ടികജാതിക്കാർക്ക് ഉണ്ടായിരിക്കുന്നു. അതിന് പരിഹാരം കാണാൻ വേണ്ടി സംസ്ഥാനഗവണ്മെന്റ് കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് പറയാൻവേണ്ടിയാണ് എന്റെ ഈ സബ്മിഷൻ. സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് പ്രൊമോഷന് സംവരണം പാടില്ലെന്നാണ്. പട്ടികജാതിക്കാരും അല്ലാത്തവരും പ്രൊമോഷനുവേണ്ടി ക്വാളിഫൈയിംഗ് എക്സാമിനേഷൻ എഴുതുമ്പോൾ പട്ടികജാതിക്കാർക്ക് അഞ്ച് മാർക്കിന്റെ ഇളവ് ഉണ്ടായിരുന്നു. ലെസ്സർ മാർക്ക് മതിയായിരുന്നു. അത് എടുത്തുകളഞ്ഞു. രണ്ടാമത് പട്ടികജാതിക്കാരെയും അല്ലാത്തവരെയും പ്രൊമോഷനുവേണ്ടി ഇവാല്യൂവേറ്റ് ചെയ്യുമ്പോൾ പട്ടികജാതി ഉദ്യോഗസ്ഥന്മാർക്ക് ലെസ്സർ സ്റ്റാന്റേർഡ് മതിയായിരുന്നു. ഇതുവരെ സെപ്പറേറ്റ് സ്റ്റാന്റേർഡാണ് ഉണ്ടായിരുന്നത്. ആ സെപ്പറേറ്റ് സ്റ്റേന്റേർഡ്

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകളഞ്ഞിട്ട് പട്ടികവിഭാഗ ഉദ്യോഗസ്ഥന്മാർക്കും അല്ലാത്തവർക്കും യൂണിഫോം സ്റ്റാന്റേർഡ് ഏർപ്പെടുത്തിയിരിക്കുന്നു. തൽഫലമായി പ്രൊമോഷന്റെ കാര്യത്തിൽ കേന്ദ്രഗവണ്മെന്റ് സർവ്വീസിൽ പട്ടികജാതി ഉദ്യോഗസ്ന്മാർക്കും അല്ലാത്തവർക്കും ഇപ്പോൾ ഒരു വ്യത്യാസവുമില്ല. ഫലത്തിൽ പ്രൊമോഷൻ സംവരണം എടുത്തുകളഞ്ഞിരിക്കുന്നു. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ഞങ്ങൾ അനുഭവിച്ച ദുരിതങ്ങൾകൊണ്ടാണ് ഈ സംവരണം ഏർപ്പെടുത്തിയത്. ഞങ്ങൾക്ക് സ്കൂളിൽ കയറാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. വഴിനടക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല, അമ്പലത്തിൽ കയറാനുള്ള സ്വാതന്ത്യമുണ്ടായിരുന്നില്ല. ഈ വിദ്യാഭ്യാസാവകാശം കിട്ടിയിട്ട് കേവലം 80 വർഷമേ ആയിട്ടുള്ളു. ആ ചരിത്രപരമായ കാരണങ്ങളാലാണ് പ്രൊമോഷനിലെ സംവരണത്തിനുവേണ്ടി കുറഞ്ഞമാർക്കും കുറഞ്ഞ യോഗ്യതയും നിശ്ചയിച്ചത്. അതിനാണ് ദൗർഭാഗ്യവശാൽ സുപ്രീംകോടതി എതിരായി വിധിച്ചതും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവണ്മെന്റ് ഉത്തരവ് ഇറക്കിയതും. അതോടൊപ്പംതന്നെ കേന്ദ്രഗവണ്മെന്റ് സർവ്വീസിലെ സംവരണ ഊഴം ഒന്നാമത്തേത് പട്ടികജാതിക്കാർക്കും നാലാമത്തേത് പട്ടികവർഗ്ഗക്കാർക്കും ആയിരുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പട്ടികജാതിക്കാർക്ക് ആറാമത്തേതും പട്ടികവർഗ്ഗക്കാർക്ക് പതിനാലാമത്തേതുമാക്കി മാറ്റിയിരിക്കുന്നു. ആ റോസ്റ്ററിൽ മാറ്റം വരുത്തി, അതുപോലെതന്നെ vacancy based roster പൂർണ്ണമായി മാറ്റി. Post based roster ആക്കി മാറ്റിയിരിക്കുന്നു. ഇതൊക്കെ സംഭവിച്ചിരിക്കുന്നത് പട്ടികജാതിക്കാർക്ക് ഗവണ്മെന്റ് സർവ്വീസിൽ ജോലി ലഭിക്കാൻ ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 335-ഉം 16-ഉം 4 -ഉം ഉണ്ടെങ്കിൽപ്പോലും അതിന്റെ അടിസ്ഥാനത്തിൽ നിയമമുണ്ടാക്കിയിട്ടില്ല. ഇതാണ് വിഷയം. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ ആർട്ടിക്കിൾ 17 അയിത്തം നിരോധിച്ചിരിക്കുന്നു. ആർട്ടിക്കിൾ 17-ന്റെ അടിസ്ഥാനത്തിൽ ഇന്ത്യ രാജ്യത്ത് 1955-ൽ Protection of Civil Rights Act (P.C.R. Act) –ഉം 1989-ൽ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമവും ഉണ്ടായതുപോലെ തന്നെ ആർട്ടിക്കിൾ 335-ന്റെയും 16-ന്റെയും അടിസ്ഥാനത്തിൽ നിയമമുണ്ടാകണം. ആ നിയമമുണ്ടാക്കേണ്ടത് ഇന്ത്യൻ പാർലമെന്റിലാണ്. ഇത് ഉണ്ടായില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കാൻവേണ്ടി ഈ ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ പാർലമെന്റിൽ നിയമം നിർമ്മിച്ച് സംവരണം ഉറപ്പ് വരുത്തി ഞങ്ങളെ സഹായിക്കണം. കേരളത്തിലെ പട്ടികജാതിക്കാർ സമരത്തിന്റെ പാതയിലാണ്. ദൗർഭാഗ്യമെന്ന് പറയട്ടെ ചിലയാളുകൾ ഇതുസംബന്ധിച്ച് പ്രസ്താവന ഇറക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയോ പ്രസ്താവന നടത്തി കണ്ടില്ല. ഈ കാര്യത്തിൽ ഞങ്ങളെ സംരക്ഷിക്കാൻ വേണ്ടി സംസ്ഥാന ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് ശുപാർശ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേന്ദ്രഗവണ്മെന്റ് സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രൊമോഷൻ കാര്യത്തിൽ നൽകിവന്നിരുന്ന സംവരണം 16.9.1999-ലെ സുപ്രീംകോടതി വിധിപ്രകാരം റദ്ദാക്കുകയുണ്ടായി. സംസ്ഥാന ഗവണ്മെന്റ് സർവ്വീസിനെ സംബന്ധിച്ചിടത്തോളം നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രഗവണ്മെന്റ് സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രൊമോഷനിൽ സംവരണം പുനഃസ്ഥാപിക്കാൻ നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്രഗവണ്മെന്റിനോട് ശുപാർശ ചെയ്യണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly